## കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണവകുപ്പ് - ജീവനക്കാര്യം - മലപ്പുറം ജില്ലയിലെ തൃക്കലങ്ങോട് ഗ്രാമപഞ്ചായത്തിലെ മുൻ എൽ.ഡി.സി.യും 30.06.2006 ൽ സേവനത്തിൽ നിന്നും വിരമിക്കുകയും ചെയ്ത ശ്രീ. കെ. മുഹമ്മദിന് പ്രൊവിഷണൽ പെൻഷൻ അനുവദിക്കുന്നതിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

### തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്

**സ.ഉ(സാധാ)നം. 3245/ 2015/തസ്വഭവ തീയതി, തിരുവനന്തപുരം,03/11/2015**

---

പരാമർശം: 1. മലപ്പുറം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 07.10.2014 ലെ ഡി7-4047/06 നമ്പർ കത്ത്.

2. പഞ്ചായത്ത് ഡയറക്ടറുടെ 24.04.2015 ലെ എച്ച് 4-41047/2014 നമ്പർ കത്ത്.

### ഉത്തരവ്

മലപ്പുറം ജില്ലയിലെ തൃക്കലങ്ങോട് ഗ്രാമപഞ്ചായത്തിൽ എൽ.ഡി.സി ആയിരിക്കെ സസ്പെൻഷനിലാകുകയും സസ്പെൻഷനിലിരിക്കെ 30.06.2006 ൽ സേവനത്തിൽ നിന്നും വിരമിക്കുകയും ചെയ്ത ശ്രീ. കെ. മുഹമ്മദിന് പ്രൊവിഷണൽ പെൻഷൻ അനുവദിക്കുന്നതിന് അനുമതിയ്ക്കായി പഞ്ചായത്ത് ഡയറക്ടർ പരാമർശം 2 പ്രകാരം സർക്കാരിൽ പ്രൊപ്പോസൽ സമർപ്പിച്ചു.

രസീതി ബുക്കുകളിൽ കൃത്രിമം കാണിച്ചും വ്യാജ രസീതി ബുക്കുകൾ അച്ചടിച്ച് നികുതി പിരിച്ചെടുത്തും ധനാപഹരണം നടത്തി ഗുരുതരമായ കുറ്റകൃത്യങ്ങളാണ് ടിയാന്റെ പേരിൽ ചാർജ്ജ് ചെയ്ത കേസ്. Thrissur Enquiry Commissioner & Special Judge ന്റെ കോടതിയിൽ സി.സി 141/2008 എന്ന നമ്പർ പ്രകാരം വിചാരണയിലാണെന്നും മലപ്പുറം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സസ്പെൻഷനിലിരിക്കെ 30.06.2006 ന് സേവനത്തിൽ നിന്ന് വിരമിച്ചതിന് ശേഷം ആവർത്തിച്ചാവശ്യപ്പെട്ടിട്ടും ടിയാൻ പെൻഷൻ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നില്ലെന്നും ഇപ്പോൾ ടി വിഷയത്തിൽ ഒ.എ നമ്പർ 2762/2013 നമ്പരായി KAT ൽ അപേക്ഷയും സമർപ്പിച്ചിട്ടുണ്ടെന്നും സൂചിപ്പിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മലപ്പുറം ജില്ലയിലെ തൃക്കലങ്ങോട് ഗ്രാമപഞ്ചായത്തിൽ എൽ.ഡി.സി ആയിരിക്കെ സസ്പെൻഷനിലാകുകയും സസ്പെൻഷനിലിരിക്കെ 30.06.2006 ൽ സേവനത്തിൽ നിന്നും വിരമിയ്ക്കുകയും ചെയ്ത ശ്രീ കെ മുഹമ്മദിനെതിരെയുള്ള കോടതി നടപടികൾ അന്തിമമായി പൂർത്തിയാകുന്നത് വരെ പ്രൊവിഷണൽ പെൻഷൻ അനുവദിക്കുന്നതിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**ശ്രീകല സി. എസ്**
ഗവൺമെന്റ് അണ്ടർ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
സെക്രട്ടറി, തൃക്കലങ്ങോട് ഗ്രാമപഞ്ചായത്ത്, മലപ്പുറം.
ശ്രീ കെ മുഹമ്മദ്, ക്ലാർക്ക് (റിട്ടയേർഡ്), തൃക്കലങ്ങോട് ഗ്രാമപഞ്ചായത്ത്, മലപ്പുറം
(പഞ്ചായത്ത് ഡയറക്ടർ മുഖേന)
അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എൽ.ബി. എ &എ), തിരുവനന്തപുരം.
ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം.
ധനവകുപ്പ് (24.08.2015 ലെ ഡബ്ല്യൂ.ഡബ്ല്യൂ1/132/2015-ധന നമ്പർ കുറിപ്പ് പ്രകാരം).
ഡയറക്ടർ, ഐ.കെ.എം ( സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിയ്ക്കുന്നതിന്)
കരുതൽ ഫയൽ / ആഫീസ് പകർപ്പ്.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ